## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :91** 12-03-2015-ൽ മറുപടിക്ക്

### നെല്ലുസംഭരണ പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ.ആർ . സെൽവരാജ്

,, പി.എ.മാധവൻ

,, എം.പി.വിൻസെന്റ്

,, പാലോട് രവി

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലുസംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 17.02.2012ലെ 31/2012/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. 2014-15 ഒന്നും രണ്ടും സീസണുകളിലായി 05-03-2015 വരെ **2,10,531.248** മെ.ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | അളവ് (മെ.ടൺ) I KMS | അളവ് (മെ.ടൺ) II KMS |
|---|---|---|---|
| 1 | ആലപ്പുഴ | 37926.957 | 2764.757 |
| 2 | എറണാകുളം | 135.921 | 858.213 |
| 3 | ഇടുക്കി | 10.627 | -- |
| 4 | കണ്ണൂർ | 24.954 | -- |
| 5 | കോട്ടയം | 18875.662 | 5289.707 |
| 6 | മലപ്പുറം | 58.195 | 2908.798 |
| 7 | പാലക്കാട് | 83245.691 | 33901.019 |
| 8 | തൃശൂർ | 2303.074 | 18261.783 |
| 9 | തിരുവനന്ത പുരം | 294.594 | -- |
| 10 | വയനാട് | 325.782 | 3130.616 |
| 11 | കാസർഗോഡ് | 66.200 | -- |
| 12 | കൊല്ലം | 45.600 | -- |
| 13 | പത്തനംതിട്ട | ------ | 103.098 |
| | **ആകെ** | **143313.257** | **67217.991** |

| | | | |
|---|---|---|---|
| (ബി) | കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെ നിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (സി) | എത്ര നെൽ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തിഅയ്യായിരത്തിൽപരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നടപ്പ് (2014-15 II[nd]) സീസണിൽ ഇതുവരെ **1,24,156** കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതി വഴി സംഭരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | 2014-15 ഒന്നും രണ്ടും സീസണുകളിലായി 5.5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കാനാണുദ്ദേശിക്കുന്നത്. |
| (ഇ) | സംഭരണവില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | നെല്ലു സംഭരിച്ച ശേഷം കർഷകർക്ക് നെല്ല്വില ലഭിക്കുന്നതിനായി സപ്ലൈകോ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖല ബാങ്കുകളും പാലക്കാട്, തൃശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകി വരുകയും ചെയ്യുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. |

Beena

സെക്ഷൻ ഓഫീസർ